## പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി-I
# (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)-

## "വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ്"-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും മേഖലയിൽ" എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1)(iii)പ്രകാരമുള്ളത്]

2018 ഡിസംബർ 13-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി - I
# (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

**"വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ്-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും മേഖലയിൽ" എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1)(iii)പ്രകാരമുള്ളത്]

1697/2018.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി I
## (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)
## (2016-2018)

### ഘടന

ചെയർമാൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ,
കൃഷി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,
മത്സ്യബന്ധനവും ഹാർബർ എൻജിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി .

അംഗങ്ങൾ:

ശ്രീ. പാറക്കൽ അബ്ദുല്ല, എം.എൽ.എ.

ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.

ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

## അവതാരിക

"വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ്-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും മേഖലയിൽ" എന്ന വിഷയം സംബന്ധിച്ച് കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ കാർഷിക വിളകളും പക്ഷിമൃഗാദികളും കാർഷികോപകരണങ്ങളും നഷ്ടപ്പെട്ട് ദുരിതത്തിലായ കർഷകർക്കും മത്സ്യകൃഷിയും അനുബന്ധോപകരണങ്ങളും നഷ്ടപ്പെട്ട മത്സ്യമേഖലയ്ക്കും ആശ്വാസമേകുന്നതിനുവേണ്ടി കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ മേഖലകളിൽ നടപ്പാക്കി വരുന്ന/നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1)(iii) പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2018, ഡിസംബർ 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. എസ്. സുനിൽകുമാർ,
*ചെയർമാൻ,*
സബ്ജക്ട് കമ്മിറ്റി - I.

തിരുവനന്തപുരം,
2018, ഡിസംബർ 12.

# റിപ്പോർട്ട്

കേരളം കണ്ട രണ്ടു മഹാദുരന്തങ്ങളായിരുന്നു 1924-ലെയും 2018-ലെയും മഹാപ്രളയങ്ങൾ. ഇന്നത്തെപ്പോലെ ഇലക്ട്രോണിക് മാധ്യമങ്ങളോ ഇന്റർനെറ്റോ സാമൂഹികമാധ്യമങ്ങളുടെ സാന്നിദ്ധ്യമോ ഇല്ലാതിരുന്ന 1924-ലെ പ്രളയത്തിൽ വലിയതോതിൽ ആളപായങ്ങളും നാശനഷ്ടങ്ങളും ഉണ്ടായി. ദിവസങ്ങൾ കഴിഞ്ഞാണ് അതിന്റെ വാർത്തകൾ പുറംലോകം അറിഞ്ഞത്. വിവരസാങ്കേതികവിദ്യയിലും വാർത്താവിനിമയ സംവിധാനങ്ങളിലും ഉണ്ടായ പുരോഗതി കാരണം ഇന്ന് ദുരന്തങ്ങൾ ഉണ്ടായാൽ അതിന്റെ വാർത്തകൾ നിമിഷനേരത്തിൽ ജനങ്ങളിലെത്തുന്നു. അക്കാരണത്താലാണ് 2018 ആഗസ്റ്റ് മാസത്തിലെ അതിവൃഷ്ടി കാരണം ഉണ്ടായ പ്രളയത്തിൽ ആൾനാശം ഇത്രയെങ്കിലും കുറയ്ക്കുവാൻ കഴിഞ്ഞത്. പ്രളയത്തോടൊപ്പം പശ്ചിമഘട്ട മലനിരകളിലുണ്ടായ ഉരുൾപൊട്ടലും കേരളത്തിലെ മിക്കവാറും എല്ലാ ജില്ലകളെയും വ്യാപകമായി ബാധിച്ചു. ലക്ഷക്കണക്കിന് ആളുകളെ ഒഴിപ്പിക്കേണ്ടി വന്നതായ ഈ ദുരന്തത്തിൽ പ്രധാന കാർഷികമേഖലകൂടിയായ കുട്ടനാട്ടിലെ 90% ആളുകളെയും ഒഴിപ്പിക്കേണ്ടിവന്നു. കൃഷി, മൃഗസംരക്ഷണ, മത്സ്യബന്ധന മേഖലകളിൽ വിവരണാതീതമായ നാശനഷ്ടങ്ങളാണ് ഈ വെള്ളപ്പൊക്കംമൂലം ഉണ്ടായത്.

(2) മേൽപ്പറഞ്ഞ സാഹചര്യത്തിൽ കൃഷിയും, മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി 15-11-2018-ൽ യോഗം ചേരുകയും 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തെത്തുടർന്ന് ഈ മേഖലകളിൽ ഉണ്ടായ നാശനഷ്ടത്തെ സംബന്ധിച്ചും തുടർന്ന് സ്വീകരിച്ച പുനരധിവാസ നടപടികളെ സംബന്ധിച്ചും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ സമിതി നടത്തിയ നിരീക്ഷണങ്ങളും ശിപാർശകളുമാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(3) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രകൃതിക്ഷോഭംമൂലം സംസ്ഥാനമൊട്ടാകെ കാർഷികമേഖലയിൽ മാത്രം ആകെ 19,001.84 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി സമിതി നിരീക്ഷിച്ചു. പ്രളയം മനുഷ്യജീവനോടൊപ്പം തന്നെ മൃഗസംരക്ഷണ-ക്ഷീരവികസന മേഖലകളെയും വളരെയേറെ പ്രതികൂലമായി ബാധിച്ചു. പ്രളയക്കെടുതിയും, പ്രകൃതിക്ഷോഭവുംമൂലം മനുഷ്യജീവനുകൾ നഷ്ടപ്പെട്ടതിനോടൊപ്പം പക്ഷി മൃഗാദികൾക്കും വ്യാപകമായി നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പക്ഷി മൃഗാദികൾ മരണപ്പെട്ടതുമൂലം മൃഗസംരക്ഷണ മേഖലയ്ക്ക് 84.56 കോടി രൂപയും, കർഷകരുടെ കാലിത്തൊഴുത്ത്, കോഴിക്കൂട്, പുൽകൃഷി, തീറ്റ മറ്റ് വസ്തുവകകൾ എന്നിവ നശിച്ചതു കാരണമുള്ള നഷ്ടം, പാൽ ഉൽപ്പാദന മേഖലയിലുണ്ടായ നഷ്ടം എന്നീ ഇനങ്ങളിൽ 60.61 കോടി രൂപയും, മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങൾ നശിച്ചതുമൂലം പ്രാഥമിക കണക്ക പ്രകാരം 23 കോടി രൂപയും, ക്ഷീരസഹകരണ സംഘങ്ങൾക്കുണ്ടായ നഷ്ടം 3.7 കോടി രൂപയും ഉൾപ്പെടെ മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലെ ആകെ നഷ്ടം 172 കോടി രൂപയാണെന്ന് സമിതി വിലയിരുത്തുന്നു.

(4) പ്രളയത്തിൽ കനത്ത നാശനഷ്ടങ്ങൾ ഉണ്ടായ മത്സ്യബന്ധന മേഖലയിൽ ഉൾനാടൻ മത്സ്യബന്ധനം, അക്വാകൾച്ചർ, മത്സ്യത്തൊഴിലാളികളുടെ ഭവനവും ജീവനോപാധികളും തുടങ്ങിയ മേഖലകളിലെ ആകെ നഷ്ടം 174.78 കോടി രൂപയാണെന്നും ആയതിൽ 137.81 കോടി രൂപ അക്വാകൾച്ചർ മേഖലയിൽ മാത്രമാണെന്നും സമിതി കണ്ടെത്തി.

(5) കാർഷിക മേഖലയിൽ വിളനഷ്ടംമൂലം 18,545.25 കോടി രൂപയുടെയും ഉരുൾപൊട്ടലും മണ്ണിടിച്ചിലും മൂലം 58,000 ഹെക്ടർ കൃഷി ഭൂമിക്ക് നാശനഷ്ടം സംഭവിച്ചതു കാരണം 326.25 കോടി രൂപയുടെയും കൃഷി വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെ കീഴിലുള്ള വിവിധ ഫാമുകൾ, ഓഫീസ് കെട്ടിടങ്ങൾ, വിപണികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, സംഭരണശാലകൾ, കാർഷിക യന്ത്രോപകരണങ്ങൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടം, കുട്ടനാട് പ്രദേശത്ത് മടവീഴ്ചമൂലം ഉണ്ടായ നാശനഷ്ടം, മറ്റ് ഉത്പാദനോപാധികൾക്കുണ്ടായ നഷ്ടം, എന്നിവ ഉൾപ്പടെ കാർഷിക മേഖലയിലെ ആസ്തികൾക്കും ഉൽപ്പാദനോപാധികൾക്കുമുണ്ടായ ആകെ നാശനഷ്ടം 130.34 കോടി രൂപയും ആണ്.

(6) ഇതിൽ വിളകൾക്കുണ്ടായ 18,545.25 കോടി രൂപയുടെ നാശനഷ്ടത്തിന്റെ ഘടകം തിരിച്ചിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഘടകം | രൂപ (കോടി) |
|---|---|---|
| 1 | ധാന്യവിളകൾക്കുണ്ടായ നാശനഷ്ടം | 816.48 |
| 2 | പയറുവർഗ്ഗങ്ങൾക്കുണ്ടായ നാശനഷ്ടം | 0.45 |
| 3 | പച്ചക്കറികൾക്കും കിഴങ്ങ് വർഗ്ഗ വിളകൾക്കുമുണ്ടായ നാശനഷ്ടം | 1539.90 |
| 4 | ഫലവർഗ്ഗ വിളകൾക്കുണ്ടായ നാശനഷ്ടം | 2335.51 |
| 5 | സുഗന്ധവ്യഞ്ജന വിളകൾക്കുണ്ടായ നാശനഷ്ടം | 9753.99 |
| 6 | എണ്ണക്കുരു വിളകൾക്കുണ്ടായ നാശനഷ്ടം | 248.74 |
| 7 | ഔഷധസസ്യ വിളകൾക്കുണ്ടായ നാശനഷ്ടം | 1.50 |
| 8 | കരിമ്പ് കൃഷിക്കുണ്ടായ നാശനഷ്ടം | 0.55 |
| 9 | തോട്ടവിളകൾക്കുണ്ടായ നാശനഷ്ടം | 3848.13 |
| | ആകെ | 18545.25 |

236649 ഹെക്ടർ കൃഷിഭൂമിയിലെ വിളകൾക്കാണ് നാശനഷ്ടം സംഭവിച്ചത്. വിളകൾ നഷ്ടപ്പെട്ടതിനോടൊപ്പം അതുമൂലമുണ്ടായ ഉത്പാദന നഷ്ടവും ഉൾപ്പെടുത്തിയാണ് നഷ്ടം കണക്കാക്കിയിരിക്കുന്നത്.

(7) കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിലേക്കായി SDRF വിഹിതമായി 88.68 കോടി രൂപ അനുവദിച്ചുവെന്നും ആയതിൽ 63 കോടി രൂപ 216975 കർഷകർക്കായി വിതരണം നടത്തിയെന്നും കൂടാതെ സംസ്ഥാന വിഹിതമായി 110 കോടി രൂപ അനുവദിച്ചതിൽ 166192 കർഷകർക്കായി 110 കോടിരൂപ ഇതിനോടകം വിതരണം ചെയ്തുവെന്നും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം അനുവദിച്ച 1,400 ലക്ഷം രൂപയിൽ 8323 കർഷകർക്കായി 1391.8 ലക്ഷം രൂപ നാളിതുവരെ വിതരണം ചെയ്തുവെന്നും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി.

(8) പ്രളയനിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി ഹോർട്ടിക്കൾച്ചർ വികസനത്തിനായുള്ള സംയോജിത പദ്ധതി (MIDH) പ്രകാരം 93 കോടി രൂപ (സംസ്ഥാന വിഹിതമായി 37.35 കോടി രൂപയും കേന്ദ്ര വിഹിതമായി 56.03 കോടി രൂപയും) അനുവദിച്ചിട്ടുണ്ടെന്നും ആയതിൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ 22 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും കൃഷിവകുപ്പ് ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

(9) SFAC-യുടെ കാർഷിക വിവര സങ്കേതത്തിന്റെ ടോൾഫ്രീ സേവനം ഉപയോഗിച്ച് ദുരിതാശ്വാസ നടപടികൾ ദ്രുതഗതിയിൽ കൈക്കൊള്ളുന്നതിന് നടപടികൾ സ്വീകരിച്ചുവെന്നും കൂടാതെ കർമ്മസേനയുടെ സഹായത്തോടെ ദുരിതബാധിത സ്ഥലങ്ങളിൽ അടിയന്തര നടപടികൾ സ്വീകരിച്ചതായും പ്രളയക്കെടുതിയിൽ നിന്നും കേരളം കരകയറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷിക മേഖലയുടെ പുനഃസൃഷ്ടി സാദ്ധ്യമാക്കുന്നതിന് **'പുനർജനി'** എന്ന പേരിൽ ബൃഹത്തായ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണെന്നും, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളിൽ ഇത് നടപ്പിലാക്കിയെന്നും മറ്റുള്ള ജില്ലകളിൽ നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു.

(10) നെൽകൃഷി വികസനത്തിൽ അടിയന്തര സഹായം എന്ന നിലയിൽ വിത്ത് വിതരണം, പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യം ലഭ്യമാക്കൽ, പച്ചക്കറി വികസനം, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, ദീർഘകാല സുഗന്ധവിള വികസനത്തിനായി നടീൽ വസ്തു വിതരണം, കുമ്മായം ഉൾപ്പെടെയുള്ള വസ്തുക്കളുടെ വിതരണം എന്നിവയും കൂടാതെ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തികൾക്കുപുറമെ 60 ദിവസത്തേയ്ക്ക് 3000 കാർഷിക കർമ്മസേന അംഗങ്ങളെ കർഷകരെ

സഹായിക്കുന്നതിനുവേണ്ടി പ്രാദേശികമായി പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതിക്കായും ആയിരക്കണക്കിന് മോട്ടോറുകൾ നഷ്ടപ്പെട്ട സാഹചര്യത്തിൽ വ്യക്തികൾക്കുള്ള പമ്പ് സെറ്റുകളും മറ്റ് കാർഷികോപകരണങ്ങളും വാങ്ങുന്നതിനുവേണ്ടി 625 ലക്ഷം രൂപയുടെയും പാടശേഖര സമിതി ഗ്രൂപ്പുകൾക്ക് നഷ്ടമായിരിക്കുന്ന പെട്ടി, പറ മുതലായ ഉപകരണങ്ങൾ വാങ്ങാൻവേണ്ടി രണ്ടര കോടി രൂപയുടെയും ഉൾപ്പെടെ എട്ടേമുക്കാൽ കോടി രൂപയുടെ പാക്കേജിനും തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു.

(11) തൃശ്ശൂർ കോൾ ലാന്റിലുണ്ടായ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി ഓപ്പറേഷൻ കോൾ ഡബിൾ എന്ന പദ്ധതി തുടർന്നുവരുന്നുവെന്നും ആയത് നെല്ല്, പച്ചക്കറി, മറ്റ് പയറുവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിനുള്ള 550 ലക്ഷം രൂപയുടെ സ്കീമാണെന്നും സമിതി കണ്ടെത്തി. കർഷകർക്കുവേണ്ടി കൗൺസിലിംഗ് അടക്കമുള്ള കാര്യങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലുമടക്കം നടത്തുന്നതിനുവേണ്ടിയുള്ള സ്കീമും നടപ്പാക്കാനുദ്ദേശിക്കുന്നുവെന്നും സമിതി കണ്ടെത്തി.

(12) കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തരസഹായം നൽകുന്നതിനായി 1200 കോടി രൂപയുടെ ഒരു പാക്കേജും 569 കോടി രൂപയുടെ പാക്കേജും സമർപ്പിച്ചിരുന്നു. കൂടാതെ 2018-19 ബഡ്ജറ്റ് വർഷത്തെ വിഹിതത്തിൽ നിന്നും 20% തുകയായ 111 കോടി രൂപ തിരിച്ചെടുത്തതിൽ നിന്ന് 90 കോടി രൂപയുടെ പാക്കേജും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നാശനഷ്ടം നേരിട്ട കൃഷിയിടങ്ങൾ പൂർവ്വസ്ഥിതിയിലേയ്ക്ക് കൊണ്ടുവരുന്നതിന് അടിസ്ഥാനകൃഷി പ്രവർത്തനങ്ങൾ ആരംഭിക്കുക, മണ്ണ്-ജല സംരക്ഷണ പ്രവർത്തനം നടപ്പിലാക്കുന്നതുവഴി പരിസ്ഥിതി പുനഃസ്ഥാപനം സാദ്ധ്യമാക്കുക, കർഷകർക്ക് ഉൽപ്പാദനോപാധികൾ, യന്ത്രസാമഗ്രികൾ തുടങ്ങിയവ സബ്സിഡി നിരക്കിൽ നൽകുക, നിലവിലുള്ള കാർഷിക കർമ്മസേനകൾ ശക്തിപ്പെടുത്തുക, കൃഷിവകുപ്പിന് കീഴിലുള്ള ഫാമുകളുടെ വികസനം, കിഴങ്ങുവർഗ്ഗ വിളകളുടെ പുനരുജ്ജീവനം, കുരുമുളക് മറ്റ് സുഗന്ധവ്യഞ്ജന വിളകൾ എന്നിവയുടെ കൃഷി പുനരുജ്ജീവിപ്പിക്കുക, പരമ്പരാഗത ചെറുധാന്യവിളകളുടെ സംരക്ഷണം, തെങ്ങുകൃഷി പുനരുദ്ധാരണം, കാർഷിക മേഖലയിലെ ദുരന്ത നിവാരണം എന്നീ ഘടകങ്ങൾക്കായി ആകെ 1498.00 കോടി രൂപയുടെ മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു.

(13) പ്രളയത്തിനുശേഷം നെൽകൃഷി മേഖലകളിൽ എലിശല്യം രൂക്ഷമായതിനാൽ എലി നശീകരണത്തിനുള്ള സ്കീമും സസ്യസംരക്ഷണ ക്യാമ്പയിനും തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടെന്നും മേല്പറഞ്ഞ സ്കീമുകൾക്കും കൃഷി ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ വരുന്ന ഫാമുകളിൽ വെള്ളം കയറി സാധനങ്ങൾ നശിച്ചിട്ടുള്ളതിനാൽ ആയത് പരിഹരിക്കുന്നതിനും ആകെ 11,122 ലക്ഷം രൂപയുടെ പ്രോജക്ട് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും കൃഷി വകുപ്പുദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി.

(14) കൂടാതെ International Fund for Agriculture Development-നുവേണ്ടി 500 കോടി രൂപയുടെ മെമ്മോറാണ്ടങ്ങൾ കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ളതു കൂടാതെ വേൾഡ് ബാങ്കുമായി ചർച്ച ചെയ്ത് ജീവനോപാധി സ്കീമുകൾക്കുവേണ്ടിയും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും 48 കോടി രൂപ ഉണ്ടെങ്കിൽ മാത്രമേ നഷ്ടപരിഹാരം പൂർണ്ണമായി കൊടുക്കാൻ കഴിയുകയുള്ളൂ എന്നും വകുപ്പുദ്യോഗസ്ഥർ അറിയിച്ചു. കേന്ദ്ര ഗവൺമെന്റ് തന്നിരിക്കുന്ന തുകയിൽ 69 കോടിയോളം രൂപ ചെലവാക്കിയിട്ടുണ്ടെന്നും സ്റ്റേറ്റ് ഗവൺമെന്റിന്റെ വിഹിതംകൂടി കിട്ടിയാലേ ബാക്കി തുക പൂർണ്ണമായി ചെലവാക്കുവാൻ സാധിക്കുകയുള്ളുവെന്നും സമിതി കണ്ടെത്തുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തിലുള്ള ചെലവ് കൂടുതലാണെന്നും നാളിതുവരെ ഇരുപത്തിഅയ്യായിരത്തിൽ അധികം കർഷകർ മണ്ണിടിച്ചിൽമൂലം കൃഷിനാശം സംഭവിച്ചതിനുള്ള ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുകയുണ്ടായി.

(15) 2018-19 വർഷത്തെ കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 20% തുകയായ 11,122.00 ലക്ഷം രൂപയ്ക്ക് വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് 'പ്രത്യേക പുനരുജ്ജീവന പാക്കേജ്' താഴെപ്പറയും വിധം ചെലവാക്കാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | ഘടകം | ആവശ്യപ്പെട്ട തുക (രൂപ ലക്ഷം) |
|---|---|---|---|
| 1 | നെൽകൃഷി വികസനം | - | 2780.00 |
| 2 | പച്ചക്കറി കൃഷി വികസനം | - | 825.00 |
| 3 | സർക്കാർ ഫാമുകളിലൂടെ ഗുണമേൻമയുള്ള നടീൽവസ്തുക്കളുടെ വിതരണം | - | 100.00 |
| 4 | സുഗന്ധവ്യഞ്ജന വിള വികസനം | ദീർഘകാല സുഗന്ധവ്യഞ്ജന വിളകളുടെ നടീൽവസ്തു വിതരണം | 1824.00 |
| 5 | മണ്ണിന്റെ ആരോഗ്യ പരിപാലന പദ്ധതി | കുമ്മായ വസ്തുക്കളുടെ വിതരണം | 2880.00 |
| 6 | കാർഷിക കർമ്മസേന യുടെയും അഗ്രോ സർവ്വീസ് | 3000 അംഗങ്ങളെ 60 ദിവസ ത്തേക്ക് കൃഷിയിടങ്ങളിലെ | 616.00 |

| | | | |
|---|---|---|---|
| | സെന്ററുകളുടെയും അംഗങ്ങളെ ഉപയോഗിച്ച് കൃഷി പുനരുജ്ജീവന പദ്ധതികൾ | പുനരുദ്ധാരണത്തിന് കർഷകരെ സഹായിക്കുവാനായി പ്രാദേശികമായി നിലവിലുള്ള വേതനം നൽകിക്കൊണ്ട് ഉപയോഗപ്പെടുത്തൽ | |
| 7 | യന്ത്രസാമഗ്രികളും മറ്റ് ഉപകരണങ്ങളും | - | 875.00 |
| 8 | 'ഓപ്പറേഷൻ കോൾ ഡബിൾ'- കോൾ നിലങ്ങളിൽ അധിക വിള കൃഷി ചെയ്യുന്നതിനുള്ള പ്രത്യേക പദ്ധതി | നെല്ല്-നെല്ല്, നെല്ല്-പച്ചക്കറി, നെല്ല്-പയർവർഗ്ഗങ്ങൾ എന്നീ കൃഷി സമ്പ്രദായങ്ങളിൽ അനുകരണീയമായ മാതൃകകളുടെ പ്രദർശനം | 550.00 |
| 9 | ബോധവത്ക്കരണവും കൗൺസിലിംഗും | - | 103.00 |
| 10 | എലി നിയന്ത്രണവും സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കലും | - | 300.00 |
| 11 | കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, മറ്റ് ഓഫീസ് കെട്ടിടങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം | - | 269.00 |
| | **ആകെ** | | **11122.00** |

(16) വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ വൻതോതിലുള്ള നാശത്തിന്റെ വെളിച്ചത്തിൽ സ.ഉ.(പി) നമ്പർ 153/ഫിൻ./2018 തീയതി 29-9-2018 പ്രകാരം 2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തി വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ട് 2219.46 ലക്ഷം രൂപയുടെ പുതുക്കിയ പദ്ധതികളുടെ നിർദ്ദേശം കൃഷി ഡയറക്ടർ സർക്കാരിന് സമർപ്പിച്ചുവെന്നും ഇതിൽ നെൽവിത്ത്, പച്ചക്കറി വിത്ത് എന്നിവയുടെ സൗജന്യ വിതരണം, എലിനശീകരണ ക്യാമ്പയിൻ, ഓപ്പറേഷൻ കോൾ ഡബിൾ, മൂല്യവർദ്ധനവിന്റെ ഭാഗമായി ചെറുകിട, ഇടത്തരം കാർഷികോൽപ്പന്ന സംസ്കരണ യൂണിറ്റുകൾക്ക് ധനസഹായം, 'വൈഗ-2018',

പുഷ്പകൃഷി വികസനം തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

(17) ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പ്, നാഷണൽ ഡെയറി ഡെവലപ്മെന്റ് ബോർഡ്, ആന്ധ്രാപ്രദേശ് മൃഗസംരക്ഷണ വകുപ്പ്, ക്ഷീരസഹകരണ സംഘങ്ങൾ, മിൽമ, സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയ സാധ്യമായ മേഖലകളിൽ നിന്നു വിഭവ സമാഹരണം നടത്തിയും, ക്ഷീരവികസന വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ചും പ്രളയ ബാധിത പ്രദേശങ്ങളിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തിയതായും രൂക്ഷമായ പ്രളയം നേരിട്ട പ്രദേശങ്ങളിൽനിന്നും, ക്ഷീരസഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ കന്നുകാലികളെ സുരക്ഷിതമായ സ്ഥാനങ്ങളിലേയ്ക്ക് എത്തിച്ചുവഴി 11,834 ഉരുക്കളെ സുരക്ഷിത സ്ഥാനങ്ങളിലെത്തിക്കാൻ സാധിച്ചുവെന്നും കന്നുകാലികളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനായി പച്ചപ്പുല്ല്, വൈക്കോൽ/ ഉണക്കപ്പുല്ല് എന്നിവയും തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും തീറ്റവസ്തുക്കൾ ലഭ്യമാക്കി ക്ഷീരസംഘങ്ങൾ വഴിയും പ്രാദേശികതലത്തിലും കർഷകരിൽ എത്തിക്കുകയും, കന്നുകാലികളുടെ ആരോഗ്യവും പാലുല്പാദന ക്ഷമതയും നിലനിർത്തുന്നതിന് ആവശ്യമായ ധാതുലവണ മിശ്രിതം ക്ഷീരകർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തതായും സമിതി കണ്ടെത്തി.

(18) ക്ഷീരസംഘങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ, വൈദ്യുതി, ഗതാഗതം, ശുദ്ധജലം തുടങ്ങിയവയുടെ അപര്യാപ്തതമൂലം പാൽ സംഭരണം മുടങ്ങുകയും ഉല്പന്നങ്ങൾ വേണ്ടത്ര വിപണനത്തിന് എത്തിക്കുന്നതിന് കഴിയാതെ വരികയും ചെയ്ത സാഹചര്യത്തിൽ മേഖലാ ക്ഷീരോല്പാദക യൂണിയനുകൾ, ജില്ലാ കളക്ടർമാർ എന്നിവരുമായി നിരന്തരം ബന്ധപ്പെടുകയും പാൽ സംഭരണം 21-8-2018 മുതൽ പൂർണ്ണമായി പുനഃസ്ഥാപിക്കുകയും ചെയ്തതായും ക്ഷീര സഹകരണ സംഘങ്ങൾ മുഖേന 40,813.5 ലിറ്റർ പാൽ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ സൗജന്യമായി എത്തിച്ചുവെന്നും ഇതിനായി ക്ഷീര സഹകരണ സംഘങ്ങൾ 14.28 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

(19) പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ക്ഷീരവികസന വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രത്യേക പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിഇനം | എണ്ണം | തുക |
|---|---|---|
| പുതിയ ഉരുക്കളെ വാങ്ങുന്നതിന് | 5200 | 1716 |
| കിടാരികളെ വാങ്ങുന്നതിന് | 1200 | 330 |

| | | |
|---|---|---|
| കാലിത്തൊഴുത്ത് നവീകരണം | 7800 | 780 |
| പുതിയ കാലിത്തൊഴുത്ത് നിർമ്മാണം | 10600 | 2650 |
| തീറ്റപ്പുൽകൃഷി വ്യാപനം | 3500 | 700 |
| പ്രളയംമൂലം നഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത ധനസഹായം | 5000 | 2500 |
| ക്ഷീരസഹകരണ സംഘങ്ങൾ വഴി സബ്സിഡി നിരക്കിൽ പച്ചപ്പുൽ, വൈക്കോൽ, ടി.എം.ആർ. എന്നിവയുടെ വിതരണം | 550 | 550 |
| ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനായി കാലിത്തീറ്റ സബ്സിഡി (കർഷകരുടെ എണ്ണം) | 2 ലക്ഷം | 1400 |
| ക്ഷീരസഹകരണ സംഘങ്ങൾക്ക് ഉണ്ടായ നഷ്ടം നികത്തുന്നതിനായി | 350 | 350 |
| **ആകെ സാമ്പത്തിക സഹായം ആവശ്യമായി ഉള്ളത് (ലക്ഷം രൂപയിൽ)** | | **10976** |

**ആകെ-109.7 കോടി രൂപ**

(20) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചതും വെള്ളപ്പൊക്കം നേരിടുന്നതിന് വകുപ്പിന്റെ പദ്ധതി വിഹിതത്തിൽനിന്നും അടിയന്തരമായി 70 ലക്ഷം രൂപ വിവിധ ജില്ലകളിലെ മൃഗസംരക്ഷണ ക്യാമ്പുകൾ നടത്തുന്നതിന് അനുവദിച്ചതും ഓരോ ക്യാമ്പിലും ഉള്ള ഉരുക്കളെ താല്ക്കാലികമായി പാർപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കി അവയ്ക്കാവശ്യമായ തീറ്റ, വൈക്കോൽ, മൃഗചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, പ്രതിരോധ വാക്സിനുകൾ എന്നിവ ലഭ്യമാക്കിയതും ഇത്തരത്തിൽ സംസ്ഥാനത്തുടനീളം 1172 മൃഗാരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചതും മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളായി സമിതി നിരീക്ഷിക്കുന്നു.

(21) മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനഫലമായി പ്രളയാനന്തരസഹായമായി കേന്ദ്ര മൃഗസംരക്ഷണ വകുപ്പ്, വിവിധ സംസ്ഥാന മൃഗസംരക്ഷണ വകുപ്പുകൾ, മരുന്ന് കമ്പനികൾ, തീറ്റ നിർമ്മാതാക്കൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവ വിവിധ മൃഗചികിത്സാമരുന്നുകൾ, കാലിത്തീറ്റ തുടങ്ങിയവയും തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങളിലെ മൃഗസംരക്ഷണ വകുപ്പുകൾ 3.06 കോടി രൂപ വിലമതിക്കുന്ന കന്നുകാലി തീറ്റ, ടോട്ടൽ മിക്സഡ് റേഷൻ, ഫോഡർ ബ്ലോക്കുകൾ

മൃഗചികിത്സയ്ക്കാവശ്യമായ ജീവൻ രക്ഷാ മരുന്നുകൾ തുടങ്ങിയവയും തെലുങ്കാന വെറ്ററിനറി ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും 59,500-ഓളം ഡോസ് പ്രതിരോധ കത്തിവയ്പിനുള്ള മരുന്നും സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് സൗജന്യമായി നൽകിയതു കൂടാതെ, കേരള ഫീഡ്സ്, മിൽമ, കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് എന്നിവ കാലിത്തീറ്റ, വൈക്കോൽ എന്നിവയും മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കിയതായും വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു കൂടാതെ ശുചിത്വ മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മരണപ്പെട്ട മൃഗങ്ങളുടെ ശവശരീരങ്ങൾ അടിയന്തരമായി മറവ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും മൃഗസംരക്ഷണ മേഖലയിലെ നാശനഷ്ടങ്ങളുടെ വിവരശേഖരണം നടത്തുകയും ചെയ്തിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ കൂട്ടിച്ചേർത്തു.

(22) പ്രളയക്കെടുതിമൂലം നഷ്ടം സംഭവിച്ച കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ മൃഗസംരക്ഷണ രംഗത്ത് നിന്ന് വിട്ടുപോയവരെ തിരികെ കൊണ്ടുവരുന്നതിനും സമഗ്ര പാക്കേജ് ആവശ്യമാണെന്നും സമിതി വിലയിരുത്തി. ആയതിലേക്ക് മൃഗസംരക്ഷണ വകുപ്പ് തുടർന്നുവരുന്ന പദ്ധതികൾക്ക പുറമേ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു:

(a) രണ്ട് പശുക്കൾ ഉൾപ്പെടുന്ന ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുക -30 കോടി രൂപ

(b) കിടാരി പരിപാലനം - 5.25 കോടി രൂപ

(c) കന്നുകുട്ടി പരിപാലന പദ്ധതി - 5 കോടി രൂപ

(d) കാലിത്തീറ്റയ്ക്ക് സബ്സിഡി - 3 കോടി രൂപ

(e) കന്നുകാലി തൊഴുത്ത് - 12.5 കോടി രൂപ

(f) കന്നുകാലി ഫാമുകൾക്ക് യന്ത്രവൽക്കരണത്തിന് സഹായം - 1 കോടി രൂപ

(g) തീറ്റപ്പുൽകൃഷി - 10.5 കോടി രൂപ

(h) ആട് വളർത്തൽ - 4.5 കോടി രൂപ

(i) വീട്ടുമുറ്റത്തെ കോഴി വളർത്തൽ പദ്ധതി - 1.25 കോടി രൂപ

(j) പന്നിവളർത്തൽ യൂണിറ്റുകൾ - 1 കോടി രൂപ

(k) കന്നുകാലികൾക്കും മറ്റ് വളർത്തുമൃഗങ്ങൾക്കും പൊതു പാർപ്പിട സൗകര്യം ഒരുക്കൽ - 1 കോടി രൂപ

(i) താറാവ് വളർത്തൽ - 2 കോടി രൂപ

(23) കുട്ടനാട് പോലെ പ്രളയ സാധ്യതയുള്ള പ്രദേശങ്ങളിൽ കന്നുകാലികൾക്കും മറ്റ് വളർത്തു മൃഗങ്ങൾക്കും ഒരു പൊതു പാർപ്പിട സൗകര്യം ഒരുക്കുവാൻ മൃഗസംരക്ഷണ വകുപ്പ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത് ശ്ലാഘനീയമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രളയമോ മറ്റ് ദുരന്തമോ ഉണ്ടാവുന്ന അവസരങ്ങളിൽ മൃഗങ്ങളെ പാർപ്പിക്കുവാൻ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

(24) പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ മൃഗസംരക്ഷണ മേഖലയിലെ കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് ഒരു വർഷത്തേക്ക് മോറട്ടോറിയം ഏർപ്പെടുത്താനും കൂടാതെ, ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് തിരിച്ചടവ് കാലപരിധി 5 വർഷം കൂടി ദീർഘിപ്പിച്ച് വായ്പ പുനഃക്രമീകരിക്കുവാനും സംസ്ഥാനതല ബാങ്കേഴ്സ് സമിതി തീരുമാനമെടുത്തിട്ടുള്ളതായും സമിതി നിരീക്ഷിക്കുന്നു.

(25) മത്സ്യബന്ധനമേഖലയുമായി ബന്ധപ്പെട്ട അക്വാകൾച്ചർ മേഖലയിൽ മാത്രം 137.81 കോടി രൂപ നഷ്ടം ഉണ്ടായി എന്നും ഇതിൽ 1630 അക്വാകൾച്ചർ ഫാമിംഗ് യൂണിറ്റുകളിൽ 906 എണ്ണത്തെ വെള്ളപ്പൊക്കം ബാധിച്ചിട്ടുണ്ടെന്നും 16872 കൃഷിക്കാർക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. വലുതും ചെറുതുമായ 1203 മത്സ്യബന്ധന ബോട്ടുകൾ കേടായിട്ടുണ്ടെന്നും ഫിഷിംഗ് ക്രാഫ്റ്റിൽ 96.59 ലക്ഷം രൂപയുടെയും ഫിഷിംഗ് ഗിയർ 143.28 ലക്ഷം രൂപയുടെയും എഞ്ചിൻ 15.27 ലക്ഷം രൂപയുടെയും നഷ്ടമുണ്ടായതിനു പുറമേ വലകളും മറ്റും നഷ്ടപ്പെട്ടിട്ടുണ്ടെന്നും ആയതിന് 3.11 ലക്ഷം രൂപയാണ് കണക്കാക്കുന്നതെന്നും മത്സ്യബന്ധന ഉപകരണങ്ങളുടെ നഷ്ടത്തിന്റെ ഇനത്തിൽ ആകെ 2.58 കോടി രൂപയാണ് നഷ്ടം കണക്കാക്കിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. പ്രളയം ഉണ്ടായില്ലായിരുന്നുവെങ്കിൽ മത്സ്യകൃഷിയിൽനിന്നും ലഭിക്കുന്ന ലാഭമായ 306.95 കോടി രൂപയുടെ നഷ്ടംകൂടി ഉണ്ടായിട്ടുണ്ടെന്നും സമിതി കണ്ടെത്തി.

(26) കൂടാതെ മത്സ്യമേഖലയിൽ 520 വീടുകൾ ഭാഗികമായും 337 വീടുകൾ പൂർണ്ണമായും നഷ്ടമായെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതിന്റെ നഷ്ടം 14.72 കോടി രൂപയാണ്. എന്നാൽ വീടുകളുടെ കാര്യത്തിൽ ഫിഷറീസ് വകുപ്പ് കണക്കാക്കിയ നഷ്ടം കൂടി ചേർത്താണ് റവന്യൂ വകുപ്പ് നഷ്ടം കണക്കാക്കിയിരിക്കുന്നതെന്നും കണ്ടെത്തിയ സമിതി, മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിൽ ഫിഷറീസ് വകുപ്പിനുണ്ടെന്നും കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നതായി കണ്ടെത്തിയിട്ടുള്ള മത്സ്യത്തൊഴിലാളികളെ 200 മീറ്ററിനുള്ളിലേയ്ക്ക് (സേഫ് സോൺ) മാറ്റാനുള്ള നിലവിലുള്ള പദ്ധതി ഊർജ്ജിതമാക്കണമെന്നും അഭിപ്രായപ്പെട്ടു.

(27) പ്രളയത്തിൽ ഈ മേഖലയിലുണ്ടായ നഷ്ടം നികത്തുന്നതിനും ദീർഘകാലാടിസ്ഥാനത്തിലുള്ള പുനരുജ്ജീവനത്തിനുമായി മത്സ്യത്തൊഴിലാളി പുനരധിവാസം

(600 കോടി രൂപ), ഫിഷിംഗ് ഇൻപുട്ട് (99.91 കോടി രൂപ), ഉൾനാടൻ മത്സ്യകൃഷി (204.93 കോടി രൂപ), അലങ്കാര മത്സ്യക്കൃഷി (15.93 കോടി രൂപ), ജീവനോപാധി പദ്ധതികൾ (102.80 കോടി രൂപ), മത്സ്യമാർക്കറ്റുകളുടെ നവീകരണം (38.98 കോടി രൂപ), കൃത്രിമപാരുകൾ (4 കോടി രൂപ), മത്സ്യം കരക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെ വികസനം (20.05 കോടി രൂപ) ഉൾപ്പടെ 1086.60 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര സർക്കാരിനു സമർപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നതായും ഉദ്യോഗസ്ഥർ അറിയിച്ചു

(28) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട മൊത്തം നഷ്ടം റിപ്പോർട്ട് ചെയ്തിരിക്കുന്നത് 252.65 കോടി രൂപയാണെന്നും ഇതിന്റെ പുനർനിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കിയതു പ്രകാരം 277.92 കോടി രൂപയാണ് മൊത്തത്തിൽ വേണ്ടി വരുന്നതെന്നും കൂടാതെ അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഫ്ലഡിന്റെ ഒരു സ്പെഷ്യൽ പാക്കേജ് എന്ന രീതിയിൽ 106.95 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ടെന്നും കോസ്റ്റൽ ഡെവലപ്മെന്റിനായി 67 കോടി രൂപയും കോസ്റ്റൽ റോഡിന്റെ ഡാമേജ് പരിഹരിക്കുന്നതിനായി 70.65 കോടി രൂപയും ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി.

## സമിതിയുടെ ശിപാർശകൾ

(29) പ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ കാർഷിക മേഖല അതീവ ഗുരുതരമായ സ്ഥിതിവിശേഷമാണ് നേരിടുന്നതെന്നും ഇപ്പോൾ നേരിട്ട ആഘാതം മുമ്പൊരിക്കലും കേരളം നേരിട്ടിട്ടില്ലാത്തതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രളയത്തെ തുടർന്ന് സകലതും നഷ്ടപ്പെട്ട് നിസ്സഹായരായ കർഷകർക്ക് നിലവിലുള്ള ലോൺ തിരിച്ചടയ്ക്കുന്നതിനോ പുതുതായി കൃഷി ആരംഭിക്കുന്നതിനോ ഉള്ള സാഹചര്യം നിലവിലില്ല എന്നു സമിതി മനസ്സിലാക്കുന്നു. ഇപ്പോൾ പ്രളയത്തെ തുടർന്ന് ഗൃഹോപകരണങ്ങൾ നഷ്ടമായവർക്ക് പുതുതായി വീട്ടുപകരണങ്ങൾ വാങ്ങുന്നതിന് പലിശരഹിതലോൺ സർക്കാർ അനുവദിക്കുന്നുണ്ടെന്നും ഇതേ മാതൃകയിൽ പ്രളയത്തെത്തുടർന്ന് നിരാലംബരും നിസ്സഹായവരുമായ കർഷകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കേണ്ടത് സംസ്ഥാനത്തെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് അത്യന്താപേക്ഷിതമാണെന്നും സമിതി വിലയിരുത്തുന്നു. <u>നിലവിൽ കർഷകർക്ക് ലഭിക്കുന്ന വായ്പയുടെ 4% പലിശ കർഷകരും 5% കേന്ദ്ര സർക്കാരുമാണ് വഹിക്കുന്നതെന്നും കർഷകർ വഹിക്കുന്ന 4% പലിശ കൂടി ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നൽകി പൂർണ്ണമായും പലിശരഹിത വായ്പ കർഷകർക്ക് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(30) <u>വെള്ളപ്പൊക്കംമൂലം കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം നികത്തുന്നതിനായി കൃഷി വകുപ്പ് തയ്യാറാക്കിയ പുനരുദ്ധാരണ പാക്കേജിൽ ആവശ്യപ്പെട്ട പ്രകാരമുള്ള തുക വകുപ്പിന് അനുവദിക്കുന്നതിനായി അടുത്ത ബജറ്റിൽ പുതുതായി ഒരു ശീർഷകം ഉൾപ്പെടുത്തി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(31) മൃഗസംരക്ഷണ മേഖലയിലും ക്ഷീരവികസന മേഖലയിലും കൂടി 172 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുള്ളതായും പ്രസ്തുത മേഖലകളിൽ വകുപ്പ് നടപ്പിലാക്കി വരുന്ന പുനരധിവാസ പ്രവർത്തനങ്ങൾ ആശാവഹമാണെന്നും അതിനായി വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ് എന്ന ശീർഷകം ഉൾപ്പെടുത്തി അടുത്ത വർഷത്തെ ബജറ്റിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(32) പ്രളയത്തെത്തുടർന്ന് മത്സ്യബന്ധന മേഖലയെ പുനരുദ്ധരിക്കുന്നതിനായി 222.35 കോടി രൂപ ചെലവ് വരുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണെന്നും ഇതിൽ ഹാച്ചറികൾക്കും മത്സ്യകർഷകർക്കും ചെമ്മീൻ കർഷകർക്കും മാത്രമുണ്ടായ നഷ്ടം 160 കോടി രൂപയിലധികം വരുമെന്നും സമിതി മനസ്സിലാക്കുന്നു. മത്സ്യമേഖലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സാമ്പത്തികവർഷം തന്നെ പ്രശ്ന പരിഹാരത്തിന് മതിയായ ധനസഹായം അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(33) വെള്ളപ്പൊക്കംമൂലം മത്സ്യബന്ധന മേഖലയിലെ നഷ്ടം നികത്തുന്നതിനായി വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ് എന്ന രീതിയിൽ ഒരു പുതിയ ശീർഷകം ഉൾപ്പെടുത്തി വരുന്ന ബജറ്റിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വി. എസ്. സുനിൽകുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

തിരുവനന്തപുരം,
2018, ഡിസംബർ 12.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.